## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4907** **24/07/2015-ൽ മറുപടിക്ക്**

### ആലത്തൂർ പുതിയങ്കം (എരിമയൂർ) ഹോമിയോ ആശുപത്രി

**ചോദ്യം**
ശ്രീ.എം.ചന്ദ്രൻ

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ പുതിയങ്കം (എരിമയൂർ) ഹോമിയോ ആശുപത്രിയിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിലെ പുതിയങ്കം (എരിമയൂർ) ഹോമിയോ ഡിസ്പെൻസറിയിൽ മെഡിക്കലാഫീസർ-1, ഫാർമസിസ്റ്റ്-1, അറ്റൻഡർ-1, പി.റ്റി.എസ്.-1 എന്നിങ്ങനെ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ 1 മെഡിക്കലാഫീസറും, 1 അറ്റൻഡറുമാണ് നിലവിലുള്ളത്. |
| (ബി) | ഏതെല്ലാം തസ്തികകളിലാണ് ജീവനക്കാരില്ലാത്തതെന്ന് വ്യക്തമാക്കാമോ; | (ബി) | ഫാർമസിസ്റ്റ്, പി.റ്റി.എസ്. തസ്തികകളിലാണ് നിലവിൽ ജീവനക്കാർ ഇല്ലാത്തത്. |
| (സി) | ജീവനക്കാരുടെ അഭാവം ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | യോഗ്യരായ ഉദ്യോഗാർത്ഥികളെ കിട്ടുന്ന മുറയ്ക്ക് ഫാർമസിസ്റ്റ് തസ്തികയിലേയ്ക്കും, ഏരിയ സർട്ടിഫിക്കറ്റ് കിട്ടിയതിന് ശേഷം പി.റ്റി.എസ്. തസ്തികയിലേയ്ക്കും ജീവനക്കാരെ നിയമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ